# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2186 09.03.2018-ലെ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായത്തിനായുള്ള നടപടിക്രമങ്ങൾ

| | ചോദ്യം<br><br>ശ്രീ. അനിൽ അക്കര | | മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായുള്ള നട പടിക്രമങ്ങൾ ഓൺലൈൻ രീതിയിലേക്ക് മാറ്റിയതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഓൺലൈനായി ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിൽ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല<br>നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ ഓൺലൈൻ പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടില്ല. |
| ബി) | പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും ഓൺലൈൻ ആയി അപ് ലോഡ് ചെയ്യുന്നതിനുമുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ ; | ബി) | ഇല്ല, നിലവിൽ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായും, വ്യക്തികൾക്ക് സ്വന്തം ചിലവിൽ online ആയും t-grants അപേക്ഷകൾ നൽകാവുന്നതാണ്. |
| സി) | അക്ഷയ സെന്ററുകൾ ഈ അപേക്ഷകൾ ഓൺലൈനായി അപ് ലോഡ് ചെയ്യുന്നതിന് വൻതുക ഫീസ് ഈടാക്കുന്നതുമൂലം പാവപ്പെട്ട പട്ടിക ജാതിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>അക്ഷയ കേന്ദ്രങ്ങളിൽ വൻ തുക ഇക്കാര്യത്തിന് ഈടാക്കുന്നില്ല. സേവനം സൗജന്യമാണ്. |
| ഡി) | എം.എൽ.എ.മാർ മുഖേന നൽകുന്ന അപേക്ഷകൾ സെക്രട്ടേറിയറ്റിൽത്തന്നെ ഓൺലൈനായി പ്രോസസ്സ് | ഡി) | നിലവിൽ പരിഗണനയിലില്ല<br>ചികിത്സാ ധനസഹായം അനുവദിക്കുന്നതിൽ കാലാകാലങ്ങളായി ഉണ്ടായ കാലതാമസം |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ ? | | ഒഴിവാക്കാൻ നടപ്പിലാക്കിയ t-grants പദ്ധതിയിൽ പ്രസ്തുത ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് കാലവിളംബം നേരിടാൻ ഇടയാക്കും. |

**സെക്ഷൻ ഓഫീസർ**